# ഉപസംഹാരം

ഒരു പ്രദേശത്തിന്റെ സർവ്വതല സ്പർശിയായ സമഗ്ര വികസനം ആവിഷ്കരിക്കുന്നതിനും വിജയകരമായി നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനവും പദ്ധതികളുടെ സംയോജനവും അനിവാര്യമാണ്. മണ്ണ്, ജലം, കൃഷി, ശുചിത്വം, എന്നിവയ്ക്ക് പ്രാധാന്യം നൽകി കൊണ്ട് തൃത്താല മണ്ഡലത്തിന്റെ സമഗ്രവും സ്ഥായിയുമായ വികസനം ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വികസന വകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ കൂട്ടിയോജിപ്പിച്ച് കൊണ്ടാണ് സുസ്ഥിര തൃത്താല എന്ന ജനകീയ വികസന പദ്ധതിക്ക് തൃത്താല എം.എൽ.എ ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ എം. ബി. രാജേഷ് രൂപം നൽകിയിരിക്കുന്നത്. തൃത്താല മണ്ഡലത്തിന്റെ പാരിസ്ഥിതികമായ പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് ഭൂജല സംബന്ധിയായ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും, മണ്ഡലത്തിലെ ജല സ്രോതസുകൾ സംരക്ഷിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും അനിവാര്യമായ പ്രവർത്തനങ്ങളോടൊപ്പം മണ്ഡലത്തെ തരിശു രഹിതവും മാലിന്യമുക്തവും ആക്കുന്നതിനുള്ള കർമ്മ പരിപാടികളും, ടൂറിസം വികസനം ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും പദ്ധതിയുടെ അടിസ്ഥാന രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി സർക്കാർ വകുപ്പുകളെയും, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളെയും, ഏജൻസികളെയും പങ്കാളികളാക്കി 9 സബ്ഗ്രൂപ്പുകൾ ആരംഭിക്കുകയും സുസ്ഥിര തൃത്താല സാങ്കേതിക സമിതി രൂപീകരിക്കുകയും ചെയ്തു. ഭാരതപ്പുഴ നദിയിലെ പ്രവർത്തനങ്ങൾ, തോടുകളുടെയും കുളങ്ങളുടെയും നവീകരണവും പുനരുജ്ജീവനവും, ജല ഗതാഗതവും ടൂറിസവും, മണ്ണ് ജല സംരക്ഷണം, ഇക്കോ റെസ്റ്റോറേഷൻ, മാലിന്യ സംസ്കരണം, കൃഷിയും അനുബന്ധ മേഖലകളും, ബോധവത്കരണം, പഠനവും വിഭവ അവലോകനവും എന്നിങ്ങനെ 9 സബ്ഗ്രൂപ്പുകൾ അവരവരുടെ വിഷയ മേഖലയിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ചർച്ചകളിലൂടെ തീരുമാനിക്കുകയും, തുടർന്ന് മണ്ഡല തലത്തിൽ സംഘടിപ്പിച്ച ശില്പശാലയിൽ ജനപ്രതിനിധികളിൽ നിന്നും, ഉദ്യോഗസ്ഥരിൽ നിന്നും ഉയർന്നു വന്ന നിർദേശങ്ങളും, ആശയങ്ങളും ഉൾപ്പെടുത്തിയുമാണ് പദ്ധതി രേഖ തയ്യാറാക്കിയിരിക്കുന്നത്. ഏറ്റവും ജനകീയവും ശാസ്ത്രീയവുമായ വികസന മാതൃക നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ പല ഘട്ടങ്ങളിലായി നടന്ന ചർച്ചകളിൽ ഉയർന്നു വന്ന നിർദേശങ്ങൾ ക്രോഡീകരിച്ച് പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പ്രാഥമിക വിവരശേഖരണത്തിലൂടെയും ഉപഗ്രഹ ചിത്രങ്ങളുടെ അപഗ്രഥനത്തിലൂടെയും മണ്ഡലത്തെ സംബന്ധിച്ച വിവരങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാകുന്ന ഭൂപടാധിഷ്ഠിത വിവര വിജ്ഞാന വെബ് പോർട്ടലും തയ്യാറാക്കിയിട്ടുണ്ട്.

സുസ്ഥിര തൃത്താല എന്ന ആശയം മുന്നോട്ടുവെക്കുകയും പദ്ധതിയിലെ ആസൂത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ആവശ്യമായ നിർദേശങ്ങളും, സമയോചിതമായ ഇടപെടലുകളും നടത്തിയ തൃത്താല എം.എൽ.എ ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ എം. ബി. രാജേഷ് അവർകൾക്കു സുസ്ഥിര തൃത്താല സാങ്കേതിക സമിതിയുടെ കൃതജ്ഞത രേഖപ്പെടുത്തുന്നു. സുസ്ഥിര തൃത്താല എന്ന ആശയം യാഥാർത്ഥ്യമാകുന്നതിനു വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം ഉറപ്പ് വരുത്തുകയും പദ്ധതിയുടെ ക്രോഡീകരണത്തിനായി പ്രവർത്തിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത

പാലക്കാട് ജില്ലാ കളക്ടർക്ക് കൃതജ്ഞത അറിയിക്കുന്നു. ടെക്നിക്കൽ കമ്മിറ്റിക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ഭൂവിനിയോഗ കമ്മീഷണർ, ടെക്നിക്കൽ കമ്മിറ്റി കൺവീനർ, ഓരോ സബ് ഗ്രൂപ്പുകളുടെയും പ്രവർത്തങ്ങൾ ഏകോപിപ്പിച്ച സബ് ഗ്രൂപ്പ് കൺവീനർമാർ എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

പദ്ധതി രേഖ തയ്യാറാക്കുന്നതിന് വിലയേറിയ നിർദേശങ്ങൾ നൽകുകയും, പദ്ധതിയുടെ ഭാഗമായ പ്രാഥമിക വിവര ശേഖരണത്തിൽ അടക്കം എല്ലാ ഘട്ടങ്ങളിലും പൂർണമായി സഹകരിക്കുകയും ചെയ്ത മുഴുവൻ ജനപ്രതിനിധികളോടും, പദ്ധതിയുടെ സാങ്കേതിക മേന്മ ഉറപ്പുവരുത്തുന്നതിനായി പ്രയത്നിച്ച വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

**സാങ്കേതിക സമിതി**
**സുസ്ഥിര തൂത്താല**